**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2442** **13-09-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ ഓണവിപണിയിലെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയ്ക്ക് ഓണച്ചന്തകൾ ആരംഭിക്കുന്നതിനായി എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | സപ്ലൈകോയ്ക്ക് ഓണച്ചന്തകൾ ആരംഭിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങൾക്കും അവശ്യ വസ്തുക്കൾ വാങ്ങുന്നതിനും ഏകദേശം 250 കോടി രൂപ ആവശ്യമാണ്. |
| (ബി) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ വിതരണക്കാർക്ക് 2023 ജൂലൈ വരെ നൽകാനുള്ള തുക എത്രയാണ്; പ്രസ്തുത തുക നൽകാതെ സാധനങ്ങൾ നൽകില്ല എന്ന നിലപാട് വിതരണക്കാർ സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | (ബി) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിൽ വിതരണക്കാർക്ക് 2023 ജൂലൈ 31 വരെ 558 കോടി രൂപയാണ് നല്കാൻ ഉണ്ടായിരുന്നത്. കുടിശിക നൽകാതെ സാധനങ്ങൾ നൽകില്ല എന്ന നിലപാട് വിതരണക്കാർ സ്വീകരിച്ചിട്ടില്ല. ആഗസ്റ്റ് മാസത്തിൽ ഓണം പ്രമാണിച്ച് നടത്തിയ ടെൻഡറിൽ വിതരണക്കാർ പങ്കെടുക്കുകയും സാധനങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | സപ്ലൈകോയ്ക്ക് ഓണ വിപണിയിൽ ഇടപെടാനും നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തീർക്കാനും ധനകാര്യവകുപ്പ് അനുവദിച്ച തുക എത്രയാണ്; സപ്ലൈകോയ്ക്ക് ഓണവിപണിയിൽ ഇടപെടാൻ പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സപ്ലൈകോയ്ക്ക് ഓണവിപണിയിൽ ഇടപെടാൻ 140 കോടി രൂപയും, ഓണത്തോടനുബന്ധിച്ച് AAY കാർഡ് ഉടമകൾക്കും, ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും അവശ്യ സാധനങ്ങൾ അടങ്ങിയ സൗജന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 32.27 കോടി രൂപയും, നെല്ല് സംഭരണ കുടിശ്ശിക തീർക്കാൻ 180 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഓണവിപണിയിൽ ഫലപ്രദമായി സപ്ലൈകോ ഇടപെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ